കേരള സർക്കാർ

# കവളങ്ങാട് ഗ്രാമപഞ്ചായത്ത്
## 2015-16
## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം(പി.7)2241/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 - 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 02.02.2017

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കവളങ്ങാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കവളങ്ങാട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കവളങ്ങാട്** ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്ത ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയും ഭാഗം 3 ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
.

<u>പകർപ്പ്</u>:
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇ.കെ.എം(പി.7)2241/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 02.02.2017

## എറണാകുളം ജില്ലയിലെ കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** *ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ്* **215(4) , 1994** *ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ്* **13, 1996***ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം* **18** *എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.***)**

എറണാകുളം ജില്ലയിലെ **കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ** 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 31.03.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധഅക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി. സുരേഷ് രാജു , ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.12.2016 മുതൽ 29.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.മൈക്കിൾ കെ.എ., ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സന്തോഷ് കുമാർ എം., ഓഡിറ്റർ (ഹ.ഗ്രേഡ്) |
| | |

| | |
|---|---|
| | ശ്രീ.പ്രവീൺ വി.എൻ., ഓഡിറ്റർ |

**(ബി.) നിർവ്വഹണാധികാരികൾ**

| ഔദ്യോഗിക പദവി | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ.ടി.കെ. കുഞ്ഞുമോൻ | 1.4.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1.11.2015 | 18.11.2015 |
| | ശ്രീമതി.ബീനബെന്നി | 19.11.2015 | 31.3.2016 |
| സെക്രട്ടറി | ശ്രീ. എ.എം.അന്ത്രു, അസിസ്റ്റന്റ് സെക്രട്ടറി (അധിക ചുമതല) | 01.4.2015 | 22.07.2015 |
| | ശ്രീമതി.ടി.എം.ജലജ | 23.07.2015 | 31.03.2016 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. അന്ത്രു എ.എം. | 01.04.015 | 18.08.2015 |
| | ശ്രീമതി.ആർ.ജലജ | 19.08.2015 | 31.03.2016 |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സാബിറ ബീവി | 01.04.2015 | 28.05.2015 |
| | ശ്രീമതി.ജാസ്മിൻ തോമസ് | 29.05.2015 | 14.07.2015 |
| | ശ്രീമതി.സൈജ ജോസഫ് | 15.07.2015 | 14.12.2015 |
| | ശ്രീമതി.സൂസൺ ലീ തോമസ് | 15.12.2015 | 24.01.2016 |
| | | | |

| | | | |
|---|---|---|---|
| | ശ്രീമതി.സൈജ ജോസഫ് | 25.01.2016 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജോർജ്ജ് നെല്ലിക്കാട്ടിൽ | 01.04.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), നേര്യമംഗലം | ഡോ.ലൂസിന ജോസഫ് | 01.04.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സാറ നന്ദന മാത്യൂ | 01.04.2015 | 31.08.2015 |
| | ഡോ. സ്മിത കെ. മോഹൻ | 01.09-2015 | 28-02-2016 |
| | ഡോ.സാറ നന്ദനമാത്യൂ | 01.03.2016 | 31.03.2016 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ലൈല കെ.എച്ച് | 01.04.2015 | 31.03.2016 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ഷിജോ തങ്കപ്പൻ | 01.04.2015 | 30.11.2015 |
| | ശ്രീ.ബാവാസ് എം.എം. | 01.04.2015 | 31.03.2016 |
| ഹെഡ് മാസ്റ്റർ, ഗവ.യു.പി.സ്കൂൾ, തലക്കോട് | ശ്രീമതി.വൽസല വി.കെ | 01.04.2015 | 31.03.2016 |
| വെറ്ററിനറി സർജൻ | ഡോ.ടി.ജി ഉണ്ണികൃഷ്ണൻ | 01.04.2015 | 31.03.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ഷൈലജ കെ.പി. | 01.04.2015 | 31.12.2015 |
| | ശ്രീ.ബിനോയ് എം.പി. | 01.01.2016 | 31.01.2016 |
| | ശ്രീമതി.ഷൈലജ കെ.പി. | 01.02.2016 | 31.03.2016 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ടി.എസ്. ശശി | 1.4.2015 | 19.9.2015 |
| | ശ്രീ.റമീസ് പി. മുഹമ്മദ് | 20.09.2015 | 31.03.2016 |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | അക്കൗണ്ടിങ്ങിലെ അപാകതകൾ | 1-12 | |
| | **ഭാഗം - 2** | | |
| 13 | തൊഴിൽ നികുതി -അപാകതകൾ. | 2-1 | |
| 14 | ഡി& ഒ ലൈസൻസ് ഫീ-അപാകതകൾ. | 2-2 | |
| 15 | കെട്ടിട നികുതി നിർണ്ണയിച്ചതിലെ അപാകത- | 2-3 | |
| 16 | കമ്മ്യൂണിറ്റിഹാൾ വാടക-അപാകത | 2-4 | |
| 17 | ടെണ്ടർ ഫോറത്തിന്റെ വില പഞ്ചായത്തിന് ലഭ്യമായില്ല | 2-5 | |
| | **ഭാഗം - 3** | | |
| 18 | കൺവീനർ പ്രവൃത്തികളിൽ ലാഭം ഉൾപ്പെടുത്തിയ നിരക്ക് നല്കി - രൂപ 10250 നഷ്ടം | 3-1 | |
| 19 | ടെൻഡർ നടപടികളിലെ അപാകത - 61068 രൂപ നഷ്ടം | 3-2 | |
| 20 | വാഹന വാടക -ആദായ നികുതി ഈടാക്കിയില്ല | 3-3 | |

| | | | |
|---|---|---|---|
| 21 | സർവ്വ ശിക്ഷാ അഭ്യാൻ (ജനറൽ)- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു. | 3-4 | |
| 22 | മീഡിയാശ്രീ- പദ്ധതി നടപ്പായില്ല | 3-5 | |
| | **ഭാഗം - 4** | | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 30 | ഓഡിറ്റ് റിക്കവറി | 4-6 | |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |
| 36 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 | |
| 37 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 | |
| 38 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 | |



## ഭാഗം -1

## പൊതു അവലോകനം



## പൊതു അവലോകനം

## 1-1 ബജറ്റ്

പഞ്ചായത്തിന്റെ 2015-2016 വർഷത്തെ ബജറ്റ് 23.03.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളുടേയും യഥാർത്ഥ വരവ് ചെലവുകളുടേയുംവിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ളത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരുപ്പ് | 13,06,333 | 3,69,79,306 |
| വരവ് | 6,28,19,730 | 3,87,28,956 |
| ആകെ | 13,01,64,185 | 7,57,08,262 |
| ചെലവ് | 12,62,54,314 | 5,84,83,183 |
| നീക്കിയിരുപ്പ് | 39,09,871 | 1,72,25089 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചതിൽ നിന്നും വളരെ കുറഞ്ഞ തുകയാണ് യഥാർത്ഥത്തിലുള്ള വരവ് ചെലവുകൾ. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്താരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ്. കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുംപ്രകാരം ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

1997 കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 11(1) പ്രകാരം വാർഷിക ധനകാര്യ പത്രിക സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനകം ഓഡിറ്റിനായി സമർപ്പിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കവളങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രിക യഥാസമയം സമർപ്പിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

2015-16 വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ചതിൽ അപാകത ഇല്ല. (ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,69,79,306 |
| വരവ് | 3,87,28,956 |
| ആകെ | 7,57,08,262 |
| | |

| | |
|---|---|
| ചെലവ് | 5,84,83,183 |
| നീക്കിയിരിപ്പ് | 1,72,25,079 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി യിരിപ്പ് | എ.സി. ആർ പ്രകാരം ബാലൻസ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 3624651 | 20616595 7450220 | 24241246 | 14047717 | - | 0 | 10193529 |
| വികസന ഫണ്ട് (എസ്.സി. പി) | 3320707 | 4715000 | 8035707 | 4615403 | 2302728 | 0 | 3420304 |
| വികസന ഫണ്ട് (ടി.എസ്. പി) | 360200 | 242000 | 602200 | 440050 | 360200 | 0 | 162150 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2328072 | 7157000 | 9485072 | 7144344 | - | 0 | 2340728 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 2564729 | 3816000 | 6380729 | 4920796 | - | 0 | 1459933 |
| 13-ാം ധനകാര്യ | 3323037 | 5391870 | 8714907 | 4617918 | 4434844 | 0 | 4096989 |

| | | | | | | | |
|---|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് | | | | | | | |
| പെർഫോമൻസ് ഗ്രാന്റ് | 4148071 | - | 4148071 | 4089488 | - | 0 | 0 |
| എം.എൻ. ആർ. ഇ.ജി.എസ്. | 69941 | 236718 | 306659 | 298703 | 7547 | 409 | 0 |
| ബി ഫണ്ട് | | 24247055 | 24247055 | 24247055 | - | 0 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തിയാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 213 | 7,48,07,917 | 142 | 4,63,32,654 | 17 | 54 | 67 |

ഏറ്റെടുക്കുന്ന മുഴുവൻ പ്രോജക്ടുകളും അതാതു വർഷം തന്നെ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനതു വരുമാനം

2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ മുൻവർഷത്തേക്കാൾ 28 ശതമാനം കുറവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 54,04,409 | 45,58,556 | (-)8,45,853 | 16% കുറവ് |
| നികുതിയേതര വരവുകൾ | 13,00,975 | 13,65,692 | (+)64,717 | 5% കൂടുതൽ |
| മറ്റ് വരവുകൾ | 22,10,226 | 4,67,540 | (-)17,42,686 | 79% കുറവ് |
| ആകെ | 89,15,610 | 63,91,788 | (-)25,23,822 | 28% കുറവ് |

പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 346920 | 207 |
| കർഷകതൊഴിലാളി പെൻഷൻ | 6530370 | 838 |
| വിധവാപെൻഷൻ | 9401360 | 1007 |
| വാർദ്ധക്യകാലപെൻഷൻ | 4852710 | 1044 |
| വികലാംഗപെൻഷൻ | 150000 | 5 |
| അവിവാഹിതരായ 50വയസ്സിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 493760 | 49 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 150000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.12.2016ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 8,679/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വാർഡ് തിരിച്ച് സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അതുപ്രകാരം സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററുകൾ തയ്യാറാക്കി ധനകാര്യപത്രിക പ്രകാരമുള്ള വരവും രജിസ്റ്റർ പ്രകാരമുള്ള വരവും റീകൺസൈൽ ചെയ്ത് ഡി സി ബി തയ്യാറാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.12.2016 | 11/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.01.2014 | 2008-09 മുതൽ 2012-13 വരെ | 20.03.2014 |

## 1-12 അക്കൗണ്ടിംഗിലെ അപാകതകൾ

കവളങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ സ്ഥാപനത്തിന്റെ ശരിയായ ധനകാര്യ സ്ഥിതി പ്രതിഫലിപ്പിക്കുന്നില്ല എന്ന് വ്യക്തമാക്കുന്ന ചില ഉദാഹരണങ്ങൾ ചുവടെ.
പഞ്ചായത്തിലെ എട്ട് അംഗീകൃത കടവുകളിൽ നിന്നും 06-02-2014 മുതൽ 04-04-2015 വരെയുള്ള തീയതികളിൽ മണൽ കയറ്റിയ വകയിൽ തൊഴിലാളികൾക്കുള്ള കൂലിയിനത്തിൽ ലോഡ് ഒന്നിന് 4,500 രൂപ നിരക്കിൽ 11,43,000 രൂപ നൽകിയിട്ടുള്ളതായി വാർഷിക കണക്കുകളിൽ നിന്നും വ്യക്തമാവുന്നുണ്ട്. എന്നാൽ ഈ തുക 'റീഫണ്ട് പേയബിൾ-മറ്റുള്ളവ" (കോഡ് നമ്പർ 350409901) എന്ന അക്കൗണ്ടിലാണ് ചേർത്തിട്ടുള്ളത്. 28,575 രൂപ മുന്നിരിപ്പുള്ള (ക്രെഡിറ്റ്) ഈ അക്കൗണ്ടിൽ നിന്നും 8,77,500 രൂപ 'അഡ്വാൻസ് -മറ്റുള്ളവ' എന്ന അക്കൗണ്ടിലേക്ക് ജേണൽ എൻട്രി മുഖേന മാറ്റുകയും മണൽ വിൽപ്പനയിനത്തിൽ ലഭിച്ച 5,76,530 രൂപ തെറ്റായി വരവ് പിടിക്കുകയും ചെയ്തിട്ടുള്ളതിനാൽ ഫലത്തിൽ 3,39,605/- രൂപ വർഷാവസാനം ഈ അക്കൗണ്ടിൽ ക്രെഡിറ്റ് ബാലൻസ് കാണിക്കുന്നുണ്ട്. ഈ തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി കാണിക്കുന്നുണ്ട്.
മണൽ കയറ്റുന്നതിന് തൊഴിലാളികൾക്ക് കൂലിയിനത്തിൽ നൽകിയ 11,43,000 രൂപ റവന്യൂചെലവാണ്. മേൽപ്പറഞ്ഞ പ്രകാരം ഈ അക്കൗണ്ടിൽ നിന്നും മാറ്റിയ 877500 രൂപ സ്ഥാപനത്തിന്റെ ആസ്തിയായും ഈ അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന 3,39,605 രൂപ സ്ഥാപനത്തിന്റെ ബാധ്യതയായും ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നത് വികലമായ അക്കൗണ്ടിംഗിന്റെ ഫലമായാണ്. മണൽ വിൽപ്പനയിനത്തിൽ ആകെ ലഭിച്ച 5,77,280 രൂപയിൽ 5,76,530 രൂപ റീഫണ്ട് പേയബിൾ-മറ്റുള്ളവ" എന്ന അക്കൗണ്ടിംഗിലേക്ക് മാറ്റിയത് മൂലം മണൽ വിൽപ്പനയിലൂടെ ലഭിച്ച തുക 750 രൂപ മാത്രമായി കണക്കുകളിൽ പ്രതിഫലിക്കാനിടയായതും പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ ശരിയായി സൂക്ഷിക്കുന്നതിൽ ബന്ധപ്പെട്ടവർ പുലർത്തുന്ന ഉദാസീനതയാണ് വ്യക്തമാക്കുന്നത്.
മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽ നികുതി -അപാകതകൾ.

വാർഡ് തിരിച്ച് സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അതുപ്രകാരം സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററുകൾ തയ്യാറാക്കുന്നില്ല.തൊഴിൽ നികുതി ഈടാക്കുന്നതിന് 1996-ലെ കേ. പ. രാ. തൊഴിൽ നികുതി ചട്ടങ്ങൾ 10,13പ്രകാരം നോട്ടീസ് നൽകി അതു പ്രകാരം നികുതി നിശ്ചയിച്ച് ഈടാക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

ധനകാര്യപത്രിക പ്രകാരമുള്ള വരവും രജിസ്റ്റർ പ്രകാരമുള്ള വരവും വ്യത്യസ്തമാണ്. വരവുകൾ റീകൺസൈൽ ചെയ്ത് ഡി സി ബി തയ്യാറാക്കേണ്ടതാണ്.

| ക്ര.നം | സ്ഥാപനം | കെട്ടിട നം | അർദ്ധ വർഷം |
|---|---|---|---|
| 1 | മമത ഓയിൽ മിൽ | 9/266 | I &II half |
| 2 | നമിത ഓയിൽ മിൽ | 9/265 | |
| 3 | മഹിമ എക്സ്പോർട്സ് | 8/4 | I &II half |
| 4 | ഹോട്ടൽ നീലാംബരി. | 6/551 | I &II half |
| 5 | ഈസ്റ്റി ചായ് (പ്)ലിമിറ്റഡ് | 15/84 | I &II half |
| 6 | ജീവ എലിക്സർ സർവീസ് സൊസൈറ്റി | 5/93 | I &II half |

എസ് ബി ഐ നെല്ലിമറ്റം ശാഖയിലെ ശ്രീ രാജഗോപാൽ നായർ എം കെ, ശ്രീ ലാലൻ കെ എസ് എന്നിവരുടെ തൊഴിൽ നികുതി ഇവർ വിമുക്തഭടൻമാരാണെന്ന കാരണത്താൽ ഈടാക്കിയിട്ടില്ല(I &II half). വിമുക്തഭടൻമാരെ തൊഴിൽ നികുതിയിൽനിന്ന് ഒഴിവാക്കികൊണ്ടുള്ള ഉത്തരവുകൾ നിലവിലില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച അക്ഷയ സെന്ററുകൾ, റേഷൻ കടകൾ, ബി.എസ്.എൻ.എൽ എന്നി സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഈ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ഡി& ഒ ലൈസൻസ് ഫീ-അപാകതകൾ.

വാർഡ് തിരിച്ച് സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അതുപ്രകാരം ഡി& ഒ ലൈസൻസ് രജിസ്റ്ററുകൾ തയ്യാറാക്കുന്നില്ല.ധനകാര്യപത്രിക പ്രകാരമുള്ള വരവും രജിസ്റ്റർ പ്രകാരമുള്ള വരവും വ്യത്യസ്തമാണ്. വരവുകൾ റീകൺസൈൽ ചെയ്ത് ഡി സി ബി തയ്യാറാക്കേണ്ടതാണ്.
2015-16 സാമ്പത്തിക വർഷത്തിൽ ഡി& ഒ ലൈസൻസ് ഫീ കുറവായി അടവാക്കിയ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്ര. നം | കെട്ടിട നം | എച്ച് .പി/ ദിവസ വിറ്റുവരവ് | ഈടാക്കേണ്ട ഫീ | ഈടാക്കിയ ഫീ | നഷ്ടം | റസീപ്റ്റ് നം |
|---|---|---|---|---|---|---|
| 1 | 15/87,87-A ഈസ്റ്റേൺ ട്രഡ്സ് ലിമിറ്റഡ് | 825 HP | 8250 | 4000 | 4250 | 105802 dt 28/2/16 |
| 2 | 14/56 എവർവൺ പ്രോപ്പർട്ടിസ് (പി)ലിമിറ്റഡ് | 720 HP | 7200 | 5000 | 2200 | 106928 dt 23/3/15 |
| ആകെ | | | | | 6450 | 6450 |

നഷ്ടമായ 6450/-രൂ ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച റേഷൻ കടകളിൽ നിന്ന് ഡി& ഒ ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസ് ഫീ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ചട്ടങ്ങൾ -2012 അനുശാസിക്കുന്ന പ്രകാരമല്ല കോഴി ഫാമുകൾക്ക് ലൈസൻസ് നൽകുന്നത്. സ്ഥല വിസ്തീർണ്ണത്തിനനുസരിച്ച് അനുവദനീയമായ കോഴികളെ മാത്രം വളർത്തുന്നതിന് ലൈസൻസ് നൽകേണ്ടതും വളർത്തുന്ന കോഴികളുടെ എണ്ണമനുസരിച്ച് ചട്ടപ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കേണ്ടതുമാണ്. ചട്ടപ്രകാരമല്ലാതെ ലൈസൻസ് നൽകിയത് വീഴ്ചയായി കാണുന്നു.

## 2-3 കെട്ടിട നികുതി നിർണ്ണയിച്ചതിലെ അപാകത

2015-16 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി നിർണ്ണയിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.
1. വസ്തു നികുതി കുറവായി നിർണ്ണയിച്ചതിലുണ്ടായ നഷ്ടം.

| ക്രമ നം | കെട്ടിട നമ്പർ/ പേര്/ വിസ്തീർണ്ണം | അപാകത | നിരക്ക് | അടിസ്ഥാന നികുതി | വർധന/ ഇളവിനു ശേഷം നിർണ്ണയി | വർധന/ ഇളവിനുശേഷം നിർണ്ണയിച്ച നികുതി | വാർഷിക നികുതി നഷ്ടം |
|---|---|---|---|---|---|---|---|

| | | | | | ക്കേണ്ട നികുതി | | |
|---|---|---|---|---|---|---|---|
| 1 | (8/8-A) ഷീബ എൽദോസ് 140.53 | കുറഞ്ഞ നിരക്കായ 30/-ൽ നികുതി നിർണ്ണയിച്ച | 50 | 7027 | 7729 | 4637 | 1546( II Half മാത്രം) |
| 2 | (15/101-B) തോമസ് ബാബു 117 | കുറഞ്ഞ നിരക്കായ 30/-ൽ നികുതി നിർണ്ണയിച്ച | 50 | 5850 | 6435 | 3861 | 2574(I & II half) |
| | ആകെ | | | | | | 4120 |

2. പ്ലാൻ പ്രകാരം 347.4m$^2$ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന് 15/101-C,D,E,F,G,H,I എന്നീ നമ്പരുകളിൽ വസ്തു നികുതി നിർണ്ണയിച്ചപ്പോൾ എല്ലാ കെട്ടിടങ്ങൾക്കുമായി വസ്തു നികുതി നിർണ്ണയിച്ച വിസ്തീർണ്ണം 302.2mമാത്രമാണ്(166.6+22.6+22.6+22.6+22.6+22.6+22.6 =302.2).വ്യത്യാസമായ 45.2m$^2$ന് നികുതി ഒഴിവാക്കപ്പെട്ടിരിക്കയാണ്. വാണിജ്യ ആവശ്യത്തിനുള്ള കുറഞ്ഞ നിരക്കായ 30/- പ്രകാരം അടിസ്ഥാന വസ്തു നികുതിയിൽ 1356/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.
ഈ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ച് നഷ്ടമായ 5476/-രൂ. ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-4 കമ്മ്യൂണിറ്റിഹാൾ വാടക-അപാകത

2015-16 സാമ്പത്തിക വർഷത്തിൽ കമ്മ്യൂണിറ്റിഹാൾ വാടക ഇനത്തിൽ രൂ. 65,000/ വരവുണ്ട്. ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററും ഫയലും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ വരവിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 2-5 ടെണ്ടർ ഫോറത്തിന്റെ വില പഞ്ചായത്തിന് ലഭ്യമായില്ല

2015-16ൽ കവളങ്ങാട് പഞ്ചായത്തിൽ നടപ്പാക്കിയ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറത്തിന്റെ വില പഞ്ചായത്തിന് ലഭ്യമായിട്ടില്ല. ടെണ്ടർ ഫോറ വിലയായി ഈടാക്കിയ താഴെപ്പറയും പ്രകാരമുള്ള 75,520/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുകയാണ് ചെയ്തിട്ടുള്ളത്. ഇത് പഞ്ചായത്തിന് ലഭ്യമാകാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

| Sl.No. | Project No. | Name of work | No.of bidder's | Cost of tender form | Total cost |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 47 | Maintenance of Oonnukal Veterinary hospital | 2 | 2100 | 4200 |
| 2 | 59 | Villanchira - Thadi dippo road Concreting in Ward No. VI | 3 | 2100 | 6300 |
| 3 | 60 | Nadukkudypady - Aniyekkavu Maramangalam road concreting in Ward No. XVIII | 4 | 2100 | 8400 |
| 4 | 58 | Pareekkanni- Kathalivelithandu Road Concreting in ward No.XV | 5 | 5250 | 26250 |
| 5 | 52 | Restoration of Kavalangad - Puliyanpara road in Ward No. XVI | 1 | 2100 | 2100 |
| 6 | 137 | Maintenanace and concreting of Allungal Pachetty road in Ward No. XIII | 3 | 1575 | 4725 |
| 7 | 149 | Mettaling and construction of retaining wall in Thencod - Adimarathala road in Ward XIV | 1 | 1900 | 1900 |
| 8 | 151 | Concreting of various roads in Ward no XVI | 2 | 1500 | 3000 |
| 9 | 81 | Maintenance of Colonypady anganvady (No.22) | 1 | 1050 | 1050 |
| 10 | 175 | Construction of retaining wall and concreting of Mhimakadavu - Sastha temple road in ward. IX | 1 | 1155 | 1155 |
| 11 | 94 | Construction of first floor of S.C.Community hall in ward no III | 1 | 1785 | 1785 |
| 12 | 150 | Construction of retaining wall and concreting of Farmpady - NH road in ward VIII | 1 | 2100 | 2100 |
| 13 | 237 | Uppukulam - Stadium road second metaling and taring | 2 | 1260 | 2520 |
| 14 | 179 | Maintenanace, concreting and retaring of Uppukulam -Kappichal road in Ward no III | 2 | 1155 | 2310 |

| | | | | | |
|---|---|---|---|---|---|
| 15 | 181 | Retarring and construction of retaining wall in Kavalangad – Oppra road in Ward No.III | 3 | 1155 | 3465 |
| 16 | 134 | Retaring of Puthenkurisu - Allungal road in ward XII and Allungal- Kizhakke Allungal road in ward XIII | 1 | 1260 | 1260 |
| | | **Total Amount** | | **Rs** | **72520** |

ഇത് പഞ്ചായത്തിന് ലഭ്യമാകാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കൺവീനർ പ്രവൃത്തിയിൽ ലാഭം ഉൾപ്പെടുത്തിയ നിരക്ക് നൽകി- രൂപ 10250 നഷ്ടം

| | |
|---|---|
| പ്രോജക്ട് നമ്പർ | 233/16 |
| പ്രോജക്ടിന്റെ പേര് | കവളങ്ങാട് - പുളിയാമ്പാറ റോഡ് റീ-ടാറിംഗ് |
| അടങ്കൽ | 4,00,000 രൂപ (മെയിന്റനൻസ് ഫണ്ട്)) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കൺവീനർ | ശ്രീ. ഉമ്മർ എം.എം., മണലും പാറ |
| അളവ് പുസ്തകം | 67/15-16 |
| ഭരണാനുമതി | പഞ്ചായത്ത് കമ്മിറ്റിയുടെ 12-06-2015 ലെ 1(1) നമ്പർ തീരുമാനം |
| സാങ്കേതികാനുമതി | No. 715/AEE/LSGD Dt. 09-11-2015 |
| ചെലവ് വിവരം | ട്രഷറി ബിൽ നമ്പർ 51/15-16 തീ. 18-03-16 |

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ ഈ പ്രവൃത്തിയിൽ താഴെ പറയുന്ന ഇനങ്ങൾക്ക് അംഗീകൃത നിരക്കിനേക്കാൾ അധികമായാണ് തുക നൽകിയിട്ടുള്ളത്.

| ക്രമ നം | കോഡ് നമ്പർ | പ്രവൃത്തി | ചെയ്ത അളവ് | അനുവദിച്ച നിരക്ക് (രൂപ) | നൽകിയ തുക | അനുവദിക്കാവുന്ന നിരക്ക് | നൽകിയ തുക | അധികം |
|---|---|---|---|---|---|---|---|---|
| 1 | 16.32.2 | 2 cm pre-mix carpet surfacing with paving Asphat Grade VG-30 with no solvent | 963.90 m2 | 167.70 /m2 | 161647 | 163.50 | 157598 | 4048 |
| 2 | 16.41 | Providing and laying seal coat | 963.90m2 | 94.60 /m | 91185 | 92.50 | 89161 | 2024 |
| 3 | 4.1.8 | Providiong and laying in position cc 1:4:8 40 mm | 2.82 m3 | 5980.70 /m3 | 16866 | 5200.60 | 14666 | 2200 |
| 4 | 4.1.3 | Providiong and laying in position cc 1:2:4 20 mm | 1.41 m3 | 7600.90 / m3 | 10717 | 6609.50 | 9319 | 1398 |
| | | | | | | | ആകെ | 9670 |

മേൽപ്പറഞ്ഞ പ്രകാരം 9670രൂപയും 5% വാറ്റ്, 1% ക്ഷേമ നിധി വിഹിതം എന്നീ ഇനങ്ങളിലായി 581 രൂപയും ഉൾപ്പെടെ ഈ പ്രവൃത്തിയിൽ ആകെ അധികം നൽകിയ 10,251 രൂപ കൺവീനറായ ശ്രീ. ഉമ്മർ എം.എം ൽ നിന്നോ ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-2 ടെൻഡർ നടപടികളിലെ അപാകത- 61,068 രൂപ നഷ്ടം

കവളങ്ങാട് ഗ്രാമ പഞ്ചായത്തിലെ 2014-15 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ട് നമ്പർ 153/15 പ്രകാരമുള്ള 14-ാം വാർഡിലെ വിവധ റോഡുകളുടെ കോൺക്രീറ്റിംഗും കോൺക്രീറ്റ് റോഡുകളുടെ മെയിന്റനൻസും എന്ന പ്രവൃത്തി 24-11-2014 ലെ 06/AE/KV/LSGD/14-15 പ്രകാരം ഇ-ടെണ്ടർ ചെയ്തതിൽ ശ്രീ. സി.വി.ജോസ്, ചെട്ടിയാംകുടിയിൽ, മാതിരിപ്പള്ളി 16.90% കുറഞ്ഞ നിരക്കിലും ശ്രീ. പി.ഒ.ജോർജ്ജ്, പാപ്പാലിൽ കോതമംഗലം 7.6% കുറഞ്ഞ നിരക്കിലും ടെണ്ടർ സമർപ്പിക്കുകയുണ്ടായി. ദർഘാസിനോടൊപ്പെ ഇരുവരും പ്രാഥമിക കരാർ ഉടമ്പടി വെക്കുകയും ഇ.എം.ഡി.യായി 22,500 രൂപ വീതം അടയ്ക്കുകയും ചെയ്തു.

കുറഞ്ഞ നിരക്ക് സമർപ്പിച്ച ശ്രീ. സി.വി.ജോസിന് വർക്ക് ഓർഡർ നൽകുന്നതിന് മുൻപെ, ഈ പ്രവൃത്തി പല ബീറ്റുകളിലായി കിടക്കുന്നതിനാൽ നടപ്പാക്കുവാൻ ബുദ്ധിമുട്ടാണെന്നും ഒന്നോ രണ്ടോ റോഡുകൾ ആക്കി നൽകുകയാണെങ്കിൽ മാത്രമേ വേല ഏറ്റെടുത്ത്

കരാറിൽ ഏർപ്പെടുവാൻ കഴിയുകയുള്ളൂ എന്നും അദ്ദേഹം 16-12-2014 ൽ നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചു. ഇത് പരിഗണിച്ച് അദ്ദേഹത്തിന്റെ ഇ.എം.ഡി. തിരികെ നൽകാതെ തന്നെ രണ്ടാമത്തെ കുറഞ്ഞ നിരക്ക് സമർപ്പിച്ച ശ്രീ. പി.ഒ.ജോർജ്ജിന് വർക്ക് നൽകാൻ തീരുമാനമെടുക്കാവുന്നതാണെന്ന് അസി.എഞ്ചിനീയർ സെക്രട്ടറിയോട് ശുപാർശ ചെയ്യുകയും പഞ്ചായത്ത് കമ്മിറ്റിയുടെ 09-01-2015 ലെ 1(1) -ാം നമ്പർ തീരുമാന പ്രകാരം ശ്രീ.പി.ഒ.ജോർജ്ജിന്റെ 830293 രൂപയുടെ ടെണ്ടർ അംഗീകരിച്ച് 14-01-2015 ൽ ഇയാൾക്ക് വർക്ക് ഓർഡർ നൽകുകയും ചെയ്തു. (ട്രഷറി ബിൽ നം. 1/15-16 തീയതി 10.08.15)
ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ചൂണ്ടിക്കാണിക്കുന്നു.
(1) ടെണ്ടർ നടപടികളിലൂടെ ലഭ്യമായ കുറഞ്ഞ നിരക്ക് അംഗീകരിച്ച് ശ്രീ. സി.വി.ജോസിന് വർക്ക് ഓർഡർ നൽകിയിരുന്നില്ല.
(2) ടെണ്ടറിനോടൊപ്പം സമർപ്പിക്കുന്ന പ്രാഥമിക കരാറിന്റെ 5-ാം ഖണ്ഡികയിലെ വ്യവസ്ഥ പ്രകാരം ഈ പ്രവൃത്തിയോടൊപ്പം സമർപ്പിക്കുന്ന ദർഘാസ് പട്ടികയിൽ പരാമർശിച്ചിട്ടുള്ള രൂപത്തിലും ഘടനയിലും ഈ പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ കരാറുകാരന് ബാധ്യതയുണ്ടായിരിക്കെ 746725 രൂപ ഓഫർ ചെയ്ത ശ്രീ. സി.വി.ജോസിനെ ഒഴിവാക്കി 830293 രൂപയുടെ രണ്ടാമത്തെ കുറഞ്ഞ ടെണ്ടർ അംഗീകരിച്ചതുമൂലം 83568 രൂപ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.
(3) പ്രവൃത്തി നടപ്പാക്കുന്നതിൽ കരാറുകാരൻ വീഴ്ചവരുത്തുകയാണെങ്കിൽ മറ്റൊരു ഏജൻസി വഴിയോ നേരിട്ടോ ഈ പ്രവൃത്തി പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതും അതുമൂലം ഉണ്ടാകുന്ന അധിക ചെലവ് പഞ്ചായത്ത് നിശ്ചയിക്കുന്ന കണക്കു പ്രകാരം കരാറുകാരന്റെ സ്വത്തുകളിൽ നിന്നും റവന്യൂ റിക്കവറി നടപടി പ്രകാരം വസൂലാക്കുന്നതിന് പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണെന്നും കരാറിന്റെ ഖണ്ഡിക 3 ൽ വ്യവസ്ഥ ഉണ്ടെങ്കിലും ഈ നഷ്ടം ഈടാക്കാൻ പഞ്ചായത്ത് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.
മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 27.12.16 ലെ 2 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അസി. എഞ്ചിനീയർ നൽകിയ മറുപടിയിൽ കരാറുകാരന്റെ ഇ.എം.ഡി തുകയായ 22,500 രൂപ കണ്ടുകെട്ടിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുള്ളതിനാൽ ബാക്കി ഈ പ്രവൃത്തിയിൽ 61,068/- രൂപ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ഈ തുക കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-3 വാഹന വാടക നൽകിയത്- ആദായ നികുതി ഈടാക്കിയില്ല

പ്രോജക്ട് നം.22/2015-16 പ്രകാരമുള്ള പാലിയേറ്റീവ് കെയറുമായി (സാന്ത്വന പരിചരണം) ബന്ധപ്പെട്ട് മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, നേര്യമംഗലം ഉപയോഗിച്ച KL-6E 4405 എന്ന വാഹനത്തിന്റെ വാഹന വാടക ഇനത്തിൽ ശ്രീ. രജീഷ് കെ.എം എന്ന വ്യക്തിക്ക് ആകെ 1,17,900/- രൂപ നൽകിയിട്ടുണ്ട്. 1961 ലെ ആദായ നികുതി നിയമത്തിലെ സെക്ഷൻ 194(സി) അനുസരിച്ച് പ്രതിവർഷം 75000 രൂപയിൽ അധികം വരുന്ന വർക്ക് കോൺട്രാക്ട് ബില്ലുകളിൽ നിന്നും 1% ആദായനികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ മേൽപ്പറഞ്ഞ ബില്ലിൽ നിന്നും അപ്രകാരം നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ബിൽ നം./തീയതി | വാഹനം ഉപയോഗിച്ച മാസം | നൽകിയ തുക |
|---|---|---|
| 2/15-16, 17.8.15 | 7.4.2015 മുതൽ 5.8.2015 | 36,000 |
| 3/15-16, 13.1.16 | 7.8.2015 മുതൽ 27.11.2015 | 37,200 |
| 5/15-16, 8.3.16 | 1.12.2015 മുതൽ 23.2.2016 | 32,400 |
| 7/15-16, 22.3.16 | 24.2.2016 മുതൽ 19.3.2016 | 12,300 |

| | | |
|---|---|---|
| | | |
| | ആകെ | 1,17,900/- |

മേൽപ്പറഞ്ഞ പ്രകാരം നൽകിയ കരാർ തുകയ്ക്ക് ബാധകമായ 1% ആദായ നികുതിയായി 1179 രൂപ കോൺട്രാക്ടറിൽ നിന്നും ഈടാക്കി ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിൽ അടയ്ക്കേണ്ടതാണ്.

## 3-4 സർവ്വ ശിക്ഷാ അഭ്യാൻ (ജനറൽ)-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു.

എസ്.എസ്.എ.എറണാകുളം ജില്ലാ കോർഡിനേറ്ററുടെ 19-08-2015 ലെ A2-799/15/SSA നമ്പർ കത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് 2015-16 വർഷത്തെ എസ്.എസ്.എ. പ്രവർത്തനങ്ങൾക്കുള്ള തദ്ദേശ സ്വയംഭരണ വിഹിതമായി 7,49,350/- രൂപ ഇതിന് വേണ്ടി പഞ്ചായത്ത് തയ്യാറാക്കിയ പ്രോജക്ട് നമ്പർ 24/2015-16 പ്രകാരം (ട്രഷറി ബിൽ നമ്പർ 3/15-16 തീയതി 15-02-2016 7,49,350/- രൂപ) മുഖേന ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.)395/2013 ത.സ്വ.ഭ.വ.തീയതി 30-12-2013 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖകളിലെ ഖണ്ഡിക 8(ii) പ്രകാരം എസ്.എസ്.എ. പ്രോജക്ടിലേക്ക് സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള തുക വികസന ഫണ്ടിൽ നിന്നും നിർബന്ധമായി വകയിരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഈ തുക കൈമാറുന്നതിന് മുൻപ് മുൻവർഷം നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം എസ്.എസ്.എ.യിൽ നിന്നും ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കവളങ്ങാട് ഗ്രാമപഞ്ചായത്ത് 2014-15 വർഷം പ്രോജക്ട് നമ്പർ 23/2014-15 പ്രകാരം എസ്.എസ്.എ. യ്ക്ക് നൽകിയ 7,09,517/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് 2015-16 വർഷത്തെ വിഹിതം നൽകിയിരിക്കുന്നത്.

മാർഗ്ഗരേഖകളിലെ നിർദ്ദേശത്തിന് വിരുദ്ധമായി, മുൻവർഷം നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാതെ തൻവർഷത്തെ എസ്.എസ്.എ. വിഹിതം നൽകിയതിനാൽ 7,49,350/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 മീഡിയാശ്രീ- പദ്ധതി നടപ്പായില്ല

കുടുംബശ്രീ സംസ്ഥാന മിഷന്റെ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ നിലവിലുള്ള തദ്ദേശ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കായി 65,000 രൂപ വീതം ഓരോ ഗ്രാമപഞ്ചായത്തിന്റെയും വാർഷിക പദ്ധതിയുടെ ഫണ്ടിൽനിന്നും വിനിയോഗിക്കുന്നതിന് 05-12-2014 ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 3206/14/തസ്വഭവ പ്രകാരം പഞ്ചായത്തുകൾക്ക് യഥേഷ്ടാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ കവളങ്ങാട് പഞ്ചായത്തിൽ വികസനഫണ്ടിൽ നിന്നും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 6/16 പ്രകാരം 16-01-2016 ലെ ട്രഷറി ബിൽ നമ്പർ 11/15-16 മുഖേന 70,000 രൂപ കുടുംബശ്രീ എറണാകുളം ജില്ലാ മിഷൻ കോ-ഓഡിനേറ്റർ വഴി സംസ്ഥാന മിഷൻ എക്സിക്യൂട്ടീവ് ഡയരക്ടർക്ക് നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 5,000/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. മാത്രമല്ല, ഇതുമായി ബന്ധപ്പെട്ട് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുമായി പഞ്ചായത്ത് സെക്രട്ടറി ഉണ്ടാക്കിയ കരാർ പ്രകാരം മുൻകൂർ തുക ലഭിച്ച് 60 ദിവസത്തിനകം സ്ഥാപനത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി ചിത്രത്തിന്റെ 10 പകർപ്പ് പഞ്ചായത്തിന് കൈമാറണമെന്ന്

വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഡോക്യുമെന്ററിയുടെ പകർപ്പ് ഇതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ ഈ പദ്ധതിക്കുവേണ്ടിയുള്ള 70,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 2,50,000 | ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,50,000 | 0 |
| | 2015-16 | 4,00,000 | നെല്ലിമറ്റം കോളനിപ്പടി അങ്കണവാടി മെയിന്റനൻസ് | 399212 | 788 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവണ ഏജൻസി | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | ട്രഷറി/ ഡി.ഡി/ ചെക്ക് നം. | മുൻകൂർ നൽകിയ തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 160/15-16 | അംഗൻവാടി 10,11,15 വാട്ടർ കണക്ഷൻ | 12/15-16, 16.2.16 | 50,000 |
| | 186/15-16 | 12 -ാം വാർഡിൽ കുടിവെള്ള പൈപ്പലൈൻ എക്സ്റ്റൻഷൻ | 681536, 2.3.16 | 1,14,000 |
| | | | | |

| | | | | |
|---|---|---|---|---|
| | 162/15-16 | 12 -ാം വാർഡിൽ കുടിവെള്ള പൈപ്പലൈൻ എക്സ്റ്റൻഷൻ | 13/15-16 16.1.16 | 20,000 |
| | 167/15-16 | 17 -ാം വാർഡിൽ കുടിവെള്ള പൈപ്പലൈൻ എക്സ്റ്റൻഷൻ | 30/15-16 31.3.16 | 62,509 |
| | | | 683722 31.3.2016 | 38,531 |
| കെ.എസ്. ഇ.ബി | 100/15-16 | 12 -ാം വാർഡിൽ സ്ട്രീറ്റ് ലൈറ്റ് വലിക്കൽ | 683543 31.3.16 | 83,500 |
| | 183/15-16 | 1,4,5 വാർഡുകളിലേക്ക് ലൈൻ വലിക്കൽ | 683972 2.4.16 | 1,80,000 |
| | | | ആകെ | 5,48,540 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ഇല്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ. (സാ.ധാ) 564/2010/ | 1,60,00,000 | 7114033 | 3482950 | - | 3631083 |

| | | | | | | |
|---|---|---|---|---|---|---|
| | ത.സ്വ.ഭ.വ /22.2.2010 | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4717588 |
| തൻ വർഷം നിക്ഷേപിച്ച തുക | 483553 |
| ആകെ | 5201141 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 5201141 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരസിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം |
|---|---|---|
| സ്ഥിര നിക്ഷേപം | 3727043 | 0101021490 |
| സ്ഥിര നിക്ഷേപം | 1474098 | 0101022179 |
| ആകെ | 5201141 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9,010/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-00 | 3-2 | 105 | രാധാകൃഷ്ണൻ ടി.കെ, ഹെഡ് ക്ലാർക്ക് | 11503102342/11.1.16 |
| 2011-12<br>2012-13 | 3-2 | 1900 | രാജലക്ഷ്മി ടി, ഓഫീസ് അറ്റൻഡന്റ് | 11503102529/25.1.16 |
| | | | | |

| | | | | |
|---|---|---|---|---|
| 1999-00<br>2000-01<br>2002-03<br>2003-04 | 3-2<br>3-1<br>3-1<br>3-1(എ) | 5825 | ഏലിയാമ്മ പി.എം, ഓഫീസ് അറ്റൻഡന്റ് | 11503103695/23.3.16 |
| 2011-12<br>2012-13 | 2-3(എ) | 1180 | ജെർസൺ ടി.ജെ, സെക്രട്ടറി | 11503100985/5.8.15 |
| ആകെ | | 9010 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കവളങ്ങാട് പഞ്ചായത്തിനെ സംബന്ധിച്ച് സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 to 2000-01 | 40 | 2005-06 | II 7(41)(i) | റോഡ് പണിയിൽ ലഭിച്ച മണ്ണ്,പാറ എന്നിവയുടെ വിനിയോഗ വിവരമില്ലാത്ത തിനാൽ ചെലവ് നിരാകരിച്ചത് | സമിതി തീർപ്പാക്കിയിട്ടില്ല |
| 2003-04 | 3-11 | 2006-07 | III 39.4(7) | വൈദ്യുതി ലൈൻ നീട്ടൽ ഡെപ്പോസിറ്റ് | സമിതി തീർപ്പാക്കിയിട്ടില്ല |
| 2003-04 | 3-11 | 2006-07 | III 39.4(8) | വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് | സമിതി തീർപ്പാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 2003-04 | 3-11 | 2006-07 | III 49.1 | ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് ജലസേചന കിണറിന് സബ്സിഡി നൽകി | സമിതി തീർപ്പാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പുൾപ്പെടെ) | 7,57,08,262 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,84,83,183 |
| വരവിനങ്ങളിലുള്ള നഷ്ടം | 84,446 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 72,498 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 819350 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 6,450 | | ജലജ ടി.എം, സെക്രട്ടറി |
| 2-3 | 5,476 | | ജലജ ടി.എം, സെക്രട്ടറി |
| 2-5 | 72,520 | | ഷൈലജ കെ.പി,അസി. എഞ്ചിനീയർ |
| 3-1 | | 9,670 | ഷൈലജ കെ.പി, അസി. എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-2 | | 61,068 | ഷൈലജ കെ.പി,അസി. എഞ്ചിനീയർ |
| ആകെ | 84,446 | 70,738 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 7,49,350 | ശ്രീമതി. പി.കെ. വത്സല, ഹെഡ് മിസ്ട്രസ്, ഗവ. യു.പി. സ്കൂൾ, തലക്കോട് |
| 3-5 | 70,000 | ജലജ ടി.എം, സെക്രട്ടറി |
| | 8,19,350 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | കേന്ദ്ര /സംസ്ഥാന സർക്കാർ/മറ്റ് സ്ഥാപനങ്ങൾ |
|---|---|---|---|
| 3-1 | 484 | ഷൈലജ. കെ.പി., അസി. എഞ്ചിനീയർ | സംസ്ഥാന സർക്കാർ |
| 3-1 | 97 | ,, | ക്ഷേമനിധി ബോർഡ് |
| 3-3 | 1,179 | ഡോ. ലൂസീന ജോസഫ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നേര്യമംഗലം. | കേന്ദ്ര സർക്കാർ |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജലജ ടി.എം, സെക്രട്ടറി | സെക്രട്ടറി, കവളങ്ങാട് ഗ്രാമ പഞ്ചായത്ത് | ആര്യകൊമ്പിൽ വീട്, ശാന്തിഗിരി പി.ഒ, |

| | | |
|---|---|---|
| | | പോത്തൻകോട്, തിരുവനന്തപുരം. |
| ഷൈലജ കെ.പി, അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി | അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ചിറ്റത്ത്കുടി വീട്, പാനിപ്ര പി.ഒ, കോതമംഗലം. |
| ഡോ. ലൂസീന ജോസഫ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നേര്യമംഗലം. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നേര്യമംഗലം. | ത്തായിക്കാട്ട് വീട്, പാടി പി.ഒ, കോടലി, തൃശ്ശൂർ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി1)948/99, 07/09/1999 |
| 1997-98 മുതൽ2000-01വരെ | എൽഎഫ്.ഇ.(പി1)301/04, 04/06/2004 |
| 2001-02 | എൽ.എഫ്.ഇ.(പി1)943/04, 01/02/2005 |
| 2002-03 | എൽ.എഫ്.ഇ.(പി7)1448/05, 30/11/2006 |
| 2003-04 | എൽ.എഫ്.ഇ.(പി7)260/07 , 14/02/2007 |
| 2004-05 | എൽ.എഫ്.ഇ.(പി7)465/11, 14/02/2007 |
| 2005-06 | എൽ.എഫ്.ഇ.(പി7) 466/11, 14/02/2007 |
| 2006-07 | എൽ.എഫ്.ഇ.(പി7)467/11, 14/02/2007 |
| 2007-08 | എൽ.എഫ്.ഇ.(പി7)468/11, 14/02/2007 |
| 2008-09 മുതൽ2010-11വരെ | എൽ.എഫ്.ഇ.(പി7)179/13 , 14/02/2013 |
| 2011-12 മുതൽ2012-13വരെ | എൽ.എഫ്.ഇ.(പി7)1377/2014,10/10/2014 |
| 2013-14 മുതൽ 2014-15 വരെ | കെ.എസ്.എ-ഇ.കെ.എം (പി7) -972/2016, 22.06.2016/7.7.16 |

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

## <u>അനുബന്ധം 1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.-ഇകെഎം(പി.7)2241/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി :02.02.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ **<u>കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ </u>**2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ** 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

# APPENDIX – I

## AUDIT CERTIFICATE

No.K.S.A.-EKM(P7)2241/2016

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
email : doekm.ksad@kerala.gov.in
Dated: 02.02.2017

Certified that I have audited the Annual Financial Statement of **Kavalangad Grama Panchayath** in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statements of **Kavalangad Grama Panchayath** for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director(H.G.)